"നമുക്ക് മുന്നിൽ എത്തുന്ന ഓരോ ഫോട്ടോയും ക്യാമറ ഉപയോഗിച്ചാണ് നിർമിച്ചിരിക്കുന്നതെന്നത് മിഥ്യാധാരണയാണ്. എന്നെ സംബന്ധിച്ചിടത്തോളം എന്റെ ഓരോ ഫോട്ടോയും എന്റെ കണ്ണുകൾ സാക്ഷിയാക്കി ഹൃദയത്തിൽ പകർത്തി തലച്ചോറിൽ ശേഖരിച്ച് ഒടുവിൽ അവ ഏതോ ഒരു പ്രതലത്തിലേക്ക് പകർത്തുന്നു എന്നേയുള്ളൂ," ഇത് ലോക പ്രശസ്ത ഫോട്ടോഗ്രാഫർ ഹെന്റി കാർട്ടിയർ ബ്രെസ്സൻ പറഞ്ഞ വാക്കുകൾ.

"കാണുന്ന ഓരോ ദൃശ്യങ്ങളും ഞാൻ നന്നായി ആസ്വദിക്കും, പിന്നെ അതിനെ എന്റെ ക്യാമറകണ്ണിലേക്ക് ആവാഹിക്കും.ഓർമ്മകൾ മങ്ങിയാലും നല്ല ഫോട്ടോകൾ എന്നും നിറം മങ്ങാതെ നിൽക്കും. എന്നും ഒരോർമ്മപ്പെടുത്തലായി" ഇങ്ങനെ പറയുന്ന ഒരാൾ നമുക്കിടയിലുണ്ട്, ക്യാമറയുമായി..
ഈ ദളം സമ്പുഷ്ടമാക്കുന്നത് ആ പ്രതിഭയാണ്.

നിധിൻ വേണുഗോപാൽ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
ആർ ബി ഓ കോഴിക്കോട്.

മടപ്പള്ളി ഗവണ്മെന്റ് കോളേജ് കൊമേഴ്‌സ് വിഭാഗം പ്രൊഫസർ ആയി റിട്ടയർ ചെയ്ത ഡോ. വേണുഗോപാലിന്റെയും റിട്ടയേർഡ് ടീച്ചർ ആയ ബീനയുടെയും മകനായ നിധിന്റെ സ്കൂൾ ജീവിതം തുടങ്ങുന്നത് അമ്മ ജോലി ചെയ്തിരുന്ന എസ് ജി എം എസ് ബി സ്കൂളിൽ തന്നെയായിരുന്നു. നിധിനെ നിധിനാക്കിയ സ്കൂൾ.

തുടർന്ന് ഹൈസ്കൂൾ വിദ്യാഭ്യാസം ബി ഇ എം സ്കൂളിലും പ്ലസ് ടു മടപ്പള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലും. തലശ്ശേരി ഗവൺമെന്റ് എൻജിനീയറിങ് കോളേജിൽ നിന്നാണ് ബി ടെക് ഡിഗ്രി സ്വന്തമാക്കുന്നത്.

സ്കൂൾ കാലഘട്ടത്തിൽ ക്വിസ് പ്രോഗ്രാമിനും ഉപന്യാസ മത്സരത്തിനുമൊക്കെ സ്ഥിരം സാന്നിധ്യമായിരുന്ന നിധിൻ സ്കൂൾതലത്തിലും ജില്ലാതലത്തിലും ഈ ഇനങ്ങളിൽ നിരവധി സമ്മാനങ്ങൾ നേടിയിട്ടുണ്ട്. മാത്സ് ക്വിസ്, സാഹിത്യ ക്വിസ് ഇവയിലൊക്കെ നിധിൻ തന്റെ കഴിവ് തെളിയിച്ചു.

കോളേജ് കാലഘട്ടത്തിലാണ് നിധിന് ഫോട്ടോഗ്രാഫിയിൽ കമ്പം തോന്നി തുടങ്ങുന്നത്. അന്ന് ഇന്നത്തെ പോലെ ക്യാമറ അത്ര വ്യാപകമായി ആളുകൾ ഉപയോഗിച്ചിരുന്നില്ല. മൊബൈൽ ക്യാമറകളും കുറവ്. അയൽവാസിയായ ഒരു ഓസ്ട്രേലിയക്കാരൻ

ചേട്ടന്റെ ക്യാമറയിൽ കോളേജിലെ സഹപാഠികളുടെ ചിത്രങ്ങൾ എടുത്താണ് നിധിൻ തന്റെ ഫോട്ടോഗ്രാഫിയിലെ പ്രാവീണ്യം പരീക്ഷിക്കാൻ തുടങ്ങുന്നത്. അന്നത്തെ പല ഫോട്ടോകളിലും നിധിന്റെ ഒരു മുദ്ര പതിഞ്ഞിരുന്നു. അതിന്റെ വ്യത്യസ്തത സഹപാഠികളെയും സുഹൃത്തുക്കളെയും ഏറെ ആകർഷിച്ചു. ഇനിയും ഫോട്ടോഗ്രാഫിയിൽ കൂടുതൽ ശ്രദ്ധിക്കണമെന്ന് അവർ നിധിനെ ഉപദേശിച്ചു. എന്നും നിധിന്റെ കൂടെ കട്ടക്ക് നിൽക്കുന്ന ചില കസിൻസും ഇതിനു വേണ്ട പ്രോത്സാഹനം നൽകിക്കൊണ്ടേയിരുന്നു. അന്ന് നിധിന്റെ കഴിവുകൾ മനസ്സിലാക്കിയ അച്ഛനാണ് നിധിന് ഒരു ക്യാനൺ 60D സമ്മാനമായി നൽകിയത്.

കോളേജ് ജീവിതം അവസാനിപ്പിച്ച് 2015ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ വടകര ശാഖയിൽ അസോസിയേറ്റായി ചേരുമ്പോഴേക്കും നിധിൻ ഇരുത്തം വന്ന ഒരു ഫോട്ടോഗ്രാഫർ ആയി മാറിയിരുന്നു. അഞ്ചു വർഷക്കാലം ആ ശാഖയിൽ ജോലി ചെയ്ത നിധിൻ അതിനുശേഷം അഴിയൂർ ശാഖയിലേക്കും തുടർന്ന് ഇപ്പോൾ ജോലി ചെയ്യുന്ന കോഴിക്കോട് ആർബിഒയിലേക്കും സ്ഥലം മാറി.

ബാങ്ക് തന്റെ കഴിവിന് വേണ്ട അംഗീകാരവും നിറഞ്ഞ പ്രോത്സാഹനവും എന്നും നൽകിയിട്ടുണ്ടെന്ന് നിധിൻ. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ തിരുവനന്തപുരം സർക്കിൾ ഡിജിറ്റൽ ഇൻഹൗസ് മാഗസിനായ "ആൻ ഒഡീസ്സി"യിൽ തുടർച്ചയായി കഴിഞ്ഞ മൂന്ന് ലക്കങ്ങളിലും നിധിന്റെ ചിത്രങ്ങളാണ് വന്നുകൊണ്ടിരിക്കുന്നത് പുറം കവറായും മുഖചിത്രമായും ഒക്കെ.

പ്രകൃതി ദൃശ്യങ്ങളും യാത്രാവേളകളിൽ ലഭിക്കുന്ന സുന്ദര മുഹൂർത്തങ്ങളും ഒക്കെ ഫ്രെയിമിൽ ആക്കാൻ കൊതിക്കുന്ന നിധിന് ഏറെ ഇഷ്ടം തെയ്യത്തിന്റെ ചിത്രങ്ങൾ ക്യാമറയിൽ പകർത്താൻ ആണ്.
നിധിൻ എടുത്ത ഒരു തെയ്യത്തിന്റെ ചിത്രം നാഷണൽ ജോഗ്രഫിക് ചാനലിന്റെ നാറ്റ്ജിയോ എന്ന മാഗസിനിൽ ബെസ്റ്റ് ഫോട്ടോ ഓഫ് ദി വീക്ക് ഇനത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ട്രഡീഷൻ എന്ന വിഭാഗത്തിൽ ലോകത്തിന്റെ പല ഭാഗത്ത് നിന്ന് ലഭിച്ച ചിത്രങ്ങളിൽ നിന്നാണ് ഇത് തെരഞ്ഞെടുക്ക പ്പെട്ടത് എന്നത് ഇതിന്റെ മഹത്വം ഏറ്റുന്നു. ജീവിതത്തിൽ ലഭിച്ച ഏറ്റവും വലിയ ഒരു അംഗീകാരമായാണ് നിധിൻ ഇതിനെ കാണുന്നത്.

മനുഷ്യന്റെ ഏത് സങ്കടങ്ങൾക്കും ഏറ്റവും നല്ല മരുന്ന് ഫോട്ടോഗ്രാഫിയും അതിലൂടെ ഇതൾ വിരിയുന്ന ചിത്രങ്ങളും ആണെന്നാണ് നിധിന്റെ വീക്ഷണം.

ടാലന്റഡ് ബാങ്കേഴ്സ് ഗ്രൂപ്പിനെ കുറിച്ച് പറയുമ്പോൾ നിധിൻ ഏറെ വാചാലനായി. കൊല്ലത്ത് നടന്ന മീറ്റാണ് നിധിൻ ആദ്യമായി പങ്കെടുക്കുന്ന ടീബി പ്രോഗ്രാം. മീറ്റിൽ പങ്കെടുക്കാൻ എത്തുമ്പോൾ നിധിന് പരിചയമുണ്ടായിരുന്നതാകെ ഒന്നോ രണ്ടോ പേരാണ്. പക്ഷേ തിരികെ മടങ്ങുമ്പോൾ നൂറോളം സുഹൃത്തുക്കളുടെ പ്രിയപ്പെട്ട ഒരാളായി എങ്ങനെ മാറിയെന്നത് ഇന്നും നിധിന് അത്ഭുതമാണ്. കോഴിക്കോട് മീറ്റിൽ എത്തുമ്പോഴേക്കും വേദിയിലും നിധിൻ തന്റെ സാന്നിധ്യം അറിയിച്ചു. അതിന് സഹായകമായത് ഈ സുഹൃത് സംഘമാണ്. കോട്ടയം മീറ്റ് നിധിന് മറക്കാനേ കഴിയില്ല. അവിടെ തന്റെ സാന്നിദ്ധ്യവുമായി നിറഞ്ഞുനിൽക്കാൻ നിധിന് കഴിഞ്ഞു. കോളേജ് കാലത്തിനു ശേഷം അരങ്ങിൽ നൃത്തവുമായി എത്തിയ സുവർണ നിമിഷം. ടീബി നൽകുന്ന മാസ്മരികമായ ഒരൂർജ്ജം ഏതൊരാൾക്കും തന്റെ കഴിവുകൾ പ്രകടിപ്പിക്കാൻ അവസരം നൽകുമെന്ന് നിധിൻ അടിവരയിട്ടു പറയുന്നു.

അടുത്തിടെ നമ്മെ വിട്ടുപോയ വിഷ്ണുചന്ദ്രനെ ഓർത്തപ്പോൾ നിധിന്റെ വാക്കുകൾ ഇടറി. തന്റെ ചിത്രങ്ങൾ സ്റ്റാറ്റസ് ഇടുമായിരുന്ന, കഴിഞ്ഞ മീറ്റിന് തന്റെയൊപ്പം ഒരുപാട് നിമിഷങ്ങൾ പങ്ക് വച്ച ചങ്ങാതി ഇത് പോലെ പശിമയുള്ള ഒരു കൂട്ടായ്മയിൽ ആരോടും സങ്കടം പങ്ക് വയ്ക്കാതെ പോയതിൽ ഉള്ള നിരാശ വാക്കുകളിൽ കലർന്നു.

ഹോമിയോ ഡോക്ടർ ആയ സഹോദരി ശ്രീലക്ഷ്മി, ഇൻഡിഗോയിൽ എയർക്രാഫ്റ്റ് മെയിന്റനൻസ് എൻജിനീയറായ സഹോദരീ ഭർത്താവ് മിഥുൻ, ബാംഗ്ലൂരിൽ ടാലി സൊലൂഷനിൽ സീനിയർ സോഫ്റ്റ്‌വെയർ എൻജിനീയറായി ജോലി നോക്കുന്ന,2023 ൽ ജീവിതത്തിൽ കൂട്ടുകാരിയായി മാറിയ ഭാര്യ ഉപാസന ഇവരൊക്കെ നൽകുന്ന സ്നേഹം നിറഞ്ഞ പ്രോത്സാഹനം നിധിന് നൽകുന്ന ഊർജ്ജം ചെറുതല്ല. സഹോദരിയുടെ മകൾ വമികയാണ് നിധിന്റെ ഫോട്ടോഗ്രാഫിയിലെ ഏറ്റവും പ്രിയപ്പെട്ട മോഡൽ.

ധാരാളം ആളുകളോട് ഇടപെടുക, അവരുമായി ബന്ധം സ്ഥാപിക്കുക ഇതൊക്കെ നിധിന് ഏറെ ഇഷ്ടമാണ്. അതുകൊണ്ടുതന്നെ തന്റെ ജോലിയോടും വല്ലാത്തൊരു ഇഷ്ടമാണ് നിധിന്. ഇപ്പോൾ ജോലി ചെയ്യുന്ന മാർക്കറ്റിംഗ് വിഭാഗം നിധിൻ തന്നെ തെരഞ്ഞെടുത്തതാണ്.യാത്രകൾ ഇത്തരം ബന്ധങ്ങൾ ഉണ്ടാക്കുന്നതിന് ഏറെ സഹായകരമാണെന്ന് തിരിച്ചറിയുന്ന നിധിൻ ഇതിനകം ഏതാണ്ട് 18 സംസ്ഥാനങ്ങളും ഇന്ത്യയ്ക്ക് പുറത്ത് മൂന്നു രാജ്യങ്ങളും സന്ദർശിച്ചു കഴിഞ്ഞു. യാത്രാ വേളകളിലെ ഫോട്ടോഗ്രാഫി നിധിന് ഏറെ ഇഷ്ടം. ആഫ്രിക്കൻ രാജ്യങ്ങളുടെ വന്യമായ സൗന്ദര്യം എന്നും

നിധിന്റെ മനസ്സിന്റെ കോണിൽ ഉണ്ട്. അവിടേക്ക് ഒരു യാത്ര, അവിടത്തെ ചിത്രങ്ങൾ പകർത്തൽ ഇതൊക്കെയാണ് നിധിന്റെ ഏറ്റവും വലിയ സ്വപ്നം.
ഭൂമിയുടെ ഒരു ഭാഗമാകുന്നതിന് മുമ്പ് ഭൂമിയെ പരമാവധി കീഴടക്കുക ഇതാണ് നിധിന്റെ ലക്ഷ്യം.

വർണങ്ങൾ നിറഞ്ഞ പാലക്കാടൻ ദൃശ്യചാരുത ഫോട്ടോഗ്രാഫിയിലൂടെ നമുക്ക് അനുഭവവേദ്യമാക്കിത്തന്ന നിധിന്റെ ക്യാമറക്കണ്ണുകളിൽ മനോഹരദൃശ്യങ്ങൾ വന്ന് നിറയട്ടെ. അതിന്റെ പിന്നിലെ മനസ്സിൽ വിരിയുന്ന സ്വപ്നങ്ങൾ മനോഹരചിത്രങ്ങളായി രൂപം പ്രാപിക്കട്ടെ. വർണങ്ങൾ നിറഞ്ഞ ചിത്രങ്ങൾ നിധിന്റെ ആകാശങ്ങളെ കീഴടക്കട്ടെ എന്ന് സ്നേഹപൂർവ്വം ആശംസിക്കുന്നു.------
-------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, കൊല്ലം ശാഖ

English version: Minu Mary Abraham, State Bank of India, Singanallur Branch, Coimbatore

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RBO തിരുവല്ല
----------------------------------------------------------------------------------------------------

"It is an illusion that every photograph that comes before us is made by a camera. For me, each of my photographs is witnessed by my eyes, recorded in my heart, collected in my brain, and finally transferred to a surface," said the world famous photographer Henri Cartier-Bresson.

There is someone among us who says, "I will thoroughly enjoy every scene I see and then bring it to my camera eye. Even if the memories fade, good photos will never fade. It will be always there as a reminder."
It is that genius who is the talented banker of this week.

Nidhin Venugopal,
State Bank of India,
RBO Kozhikode.

Nidhin is born to Dr Venugopal who is retired professor of Department of Commerce in Government College Madapally and Beena, a retired teacher. Nidhin’s school career began at the SGMSB school where his mother worked. A school that moulded Nidhin to who he is now.

He completed his high school education at BEM School and Higher Secondary at Government Higher Secondary School, Madapally. He holds a degree in B Tech from

Government Engineering College, Thalassery.

Nidhin regularly appeared in quiz program and essay competition during his school days and has won many prizes in these events at school level and district level. Nidhin proved his ability in Maths Quiz and Literature Quiz.

It was during his college days that Nidhin began to feel the passion for photography. Cameras were not widely used then. Mobile Cameras weren’t popular. Nidhin began to test his photography skills by taking pictures of his college mates on the camera brought by his neighbour from Australia . Many of those photos had a unique style. Its peculiarity attracted many of his classmates and friends. They advised Nidhin to pay more attention to photography. Some of Nidhin’s cousins who were always with him through his thick and thin also kept giving him the necessary encouragement. His father realized his talent and gifted him a Canon 60D.

By the time he finished college and joined the Vadakara branch of State Bank of India as an associate in 2015, Nidhin had become a professional photographer.
After working in that branch for five years, Nidhin was transferred to Azhiyur branch and then to Kozhikode RBO where he is currently working.

Nidhin said that the bank has always given due recognition and full encouragement to his talent. State Bank of India's Thiruvananthapuram Circle’s digital in-house magazine "An Odyssey" has featured Nidhin’s pictures on cover page and front cover in the last three consecutive issues.

Nidhin loves to capture nature and beautiful moments while traveling, in his frame.
A picture of the traditional art form Theyyam taken by Nidhin has been selected as the Best Photo of the Week in National Geographic Channel's NatGeo magazine. The fact that it has been selected from among the pictures received from different parts of the world in the category of ‘Tradition’ adds to its glory. Nidhin sees this as the biggest recognition he has received in his life.

Nidhin’s view is that the best medicine for all human sorrows is photography and the images that emerge from it.

Nidhin got very excited while Speaking about the Talented Bankers Group. The meet held in Kollam was Nidhin’s first TB Meet. He knew only one or two people when he came to participate in the meet. It still wonders him that he had gained hundred of close friends by the time meet ended. Nidhin made his presence known on the stage as well during Kozhikode meet . It is this group of friends who helped him with everything. The golden moment of Kottayam meet was that he came to the arena with a dance performance long after college days. Nidhin underlines that the magical energy that TB provides gives anyone a chance to showcase their talents.

Nidhin’s words stuttered as he remembered Vishnu Chandran who left us recently. The friend who used to post his pictures as his status and shared many moments with him in the last meeting expressed his disappointment that he had no one to share his grief with in such a tight-knit community.

His sister Sree Lakshmi who is a homeopathy doctor and his brother-in-law Mithun who is an aircraft maintenance engineer at IndiGo, his wife Upasana who became his life partner in 2023 who is a senior software engineer at Tally Solutions in Bangalore, give Nidhin such encouragement to follow his passion. His Sister's daughter Vamika is Nidhin’s favorite model in photography.

Nidhin likes interacting with a lot of people and building relationships with them. That's why he is very fond of his work. The marketing department where he currently works was chosen by Nidhin himself. Realizing that travel is very helpful in making such connections, Nidhin has already visited around 18 states and three countries outside India. Nidhin loves photography during travel. The wild beauty of African countries is always in the corner of his mind. To take trip there and to take pictures is his biggest dream.
Nidhin’s Favourite tagline says "Cover the earth before it covers you".

Let Nidhin’s camera eyes that have made us experience the colorful Palakkad scenic beauty through photography be filled with more scenic beauties. Let the dreams in his mind unfolds as beautiful pictures. May the colorful images conquer Nidhin’s sky of photography.